## പതിനാലാം കേരള നിയമസഭ

### ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2746** **22/01/2021-ൽ മറുപടിയ്ക്ക്**

**നാട്ടാനകളുടെ പരിപാലനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **പ്രൊഫ .ആബിദ് ഹുസൈൻ തങ്ങൾ :** | | **അഡ്വ. കെ.രാജു**<br>**(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി)** | |
| **(എ)** | നാട്ടാനകളെ പരിപാലിക്കുന്നതിന് വേണ്ടി സർക്കാർ തയ്യാറാക്കിയ ചട്ടങ്ങൾ കൃത്യമായി പാലിക്കാത്തത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; 2018 ജനുവരി ഒന്ന് മുതൽ നാട്ടാന പരിപാലനത്തെ സംബന്ധിച്ച് വനം വകുപ്പിന് ലഭിച്ച പരാതികൾ എത്രയെന്ന് അറിയിക്കുമോ; ഇതിൽ എത്ര പരാതികളിൽ നടപടി സ്വീകരിച്ചു; വിശദമാക്കുമോ; | **(എ)** | 2012-ലെ കേരള നാട്ടാന (കാര്യകർതൃത്വവും പരിപാലനവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ കൂടുതൽ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന ഉറപ്പ് വരുത്തുന്നതിനായി ചീഫ് വൈൽഡ് ലൈഫ് വാർഡൻ 02/05/2018-ൽ 04/2018 നമ്പറായി സർക്കുലർ പുറപ്പെടുവിച്ച് ജില്ലാ സോഷ്യൽ ഫോറസ്റ്റി, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ മാർക്ക് നൽകിയിട്ടുണ്ട്. ഓരോ ജില്ലയിലും ഉത്സവങ്ങളിലും മറ്റും കൂടുതലായി ഉപയോഗിക്കുന്ന നാട്ടാനകളെ കണ്ടെത്തി കർശനമായി നിരീക്ഷിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ കണ്ടെത്തുന്ന ആനകളുടെ വിവിധ രജിസ്റ്ററുകൾ (പ്രത്യേകിച്ച് മൂവ്മെന്റ് രജിസ്റ്റർ) പരിശോധിച്ച് ചട്ടങ്ങളുടെ ലംഘനം നടക്കുന്നില്ല എന്ന ഉറപ്പ് വരുത്താൻ കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. ആനയുടെ മദപ്പാട് കാലയളവ് കൃത്യമായി മനസ്സിലാക്കുകയും ടി കാലയളവിൽ ആനയെ ഒരു തരത്തിലുള്ള ജോലികളിലും പങ്കെടുപ്പിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക, മദപ്പാട്കാലം മറച്ച് വച്ചുകൊണ്ട് ആനയെ ജോലിചെയ്യിപ്പിക്കുന്നതും മറ്റും തടയുക, ചട്ടലംഘനം നടന്നുവെന്ന് കണ്ടെത്തുന്ന പക്ഷം ഉടമ / കൈവശക്കാർക്ക് രേഖാമൂലം നോട്ടീസ് നൽകാൻ നിർദ്ദേശം നൽകുക എന്നിവയും ചെയ്തിട്ടുണ്ട്. നാട്ടാന പരിപാലന ചട്ടം പാലിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുന്നത് ആതത് ജില്ലാ കളക്ടർമാർ ചെയർമാനായ ജില്ലാ കമ്മിറ്റിയാണ്. ബന്ധപ്പെട്ട ജില്ലാ സോഷ്യൽ ഫോറസ്റ്റി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരാണ് ടി ജില്ലാ കമ്മിറ്റിയുടെ കൺവീനർമാർ. ടി ജില്ലാ കമ്മിറ്റികൾ വർഷത്തിൽ രണ്ട് തവണ കൂടുന്നുണ്ടെന്ന് ഉറപ്പ് വരുത്താനും കൺവീനർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ നിരന്തരമായ ചട്ട ലംഘനങ്ങൾ കാണുന്ന കേസുകളിൽ, ആനകളെ സർക്കാരിലേയ്ക്ക് പിടിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. നാട്ടാന പരിപാലന ചട്ടലംഘനവുമായി ബന്ധപ്പെട്ട് ബുക്ക് ചെ |

<table>
<tr><td></td><td></td><td></td><td>യപ്പെടുന്ന കേസുകൾ 30-45 ദിവസത്തിനകം കോടതി മുമ്പാകെ ചാർജ്ജ് ചെയ്യണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നടപടി ക്രമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഓരോ രണ്ടാഴ്ച കൂടുമ്പോഴും ചീഫ് വൈൽഡ് ലൈഫ് വാർഡൻ അവലോകനം നടത്തി വരുന്നു.<br><br>പരാതികൾ സംബന്ധിച്ച വിവരം ശേഖരിച്ച് നല്കുന്നതാണ്.</td></tr>
<tr><td>(ബി)</td><td>2018 ജനുവരി ഒന്ന് മുതൽ എത്ര നാട്ടാനകൾ ചരിഞ്ഞിട്ടുണ്ട് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; മരണ കാരണം അറിയിക്കാമോ;</td><td>(ബി)</td><td>
<table>
<tr><th>ജില്ല</th><th>2018</th><th>2019</th><th>2020</th><th>മരണ കാരണം</th></tr>
<tr><td>തൃശ്ശൂർ</td><td>7</td><td>4</td><td>3</td><td rowspan="14">പരിചണക്കുറവ്, ഹെപ്പറ്റൈറ്റിസ്, ന്യുമോണിയ, എരണ്ട കെട്ട്, പേവിഷബാധ, വൃക്ക രോഗം, പാദ രോഗം<br><br>തുടങ്ങിയ<br><br>കാരണങ്ങളാലാണ്<br><br>ആനകൾ<br><br>ചരിഞ്ഞത്.</td></tr>
<tr><td>തിരുവനന്തപുരം</td><td>2</td><td>3</td><td>1</td></tr>
<tr><td>വയനാട്</td><td>1</td><td>1</td><td></td></tr>
<tr><td>മലപ്പുറം</td><td>1</td><td></td><td></td></tr>
<tr><td>പത്തനംതിട്ട</td><td>1</td><td>1</td><td>3</td></tr>
<tr><td>കൊല്ലം</td><td>3</td><td>3</td><td>3</td></tr>
<tr><td>പാലക്കാട്</td><td>3</td><td>2</td><td>4</td></tr>
<tr><td>ഇടുക്കി</td><td>2</td><td></td><td>1</td></tr>
<tr><td>കോട്ടയം</td><td>5</td><td>3</td><td>2</td></tr>
<tr><td>എറണാകുളം</td><td>6</td><td>1</td><td>1</td></tr>
<tr><td>കോഴിക്കോട്</td><td>1</td><td>1</td><td>1</td></tr>
<tr><td>കണ്ണൂർ</td><td>1</td><td></td><td></td></tr>
<tr><td>ആലപ്പുഴ</td><td>1</td><td></td><td></td></tr>
<tr><td>**ആകെ**</td><td>**34**</td><td>**19**</td><td>**19**</td></tr>
</table>
</td></tr>
</table>

<table>
<tr><td>(സി)</td><td>മതിയായ സംരക്ഷണവും താമസ സൗകര്യവും ലഭിക്കാത്തതും ആന പാപ്പാന്മാരുടെ പീഡനങ്ങളും മരണ കാരണമാകുന്നുണ്ടെന്ന കാര്യം പരിശോധിക്കുമോ;</td><td>(സി)</td><td>പരിചരണക്കുറവും, പരിപാലന പിഴവും, കൃത്യസമയത്ത് ചികിത്സ നൽകാത്തതുംമൂലം നാട്ടാനകൾ മരണപ്പെടുന്നു എന്ന് മനസിലായതിന്റെ അടിസ്ഥാനത്തിൽ, മരണത്തിന്റെ യാഥാർത്ഥ കാരണങ്ങൾ വിശദമായി പരിശോധിക്കുന്നതിനായി മൃഗഡോക്ടർമാർ അടങ്ങിയ ഒരു വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. ദീർഘകാലമായ അശാസ്ത്രീയമായ ഭക്ഷണക്രമവും പോഷകാഹാരക്കുറവും, അമിതജോലി ഭാരവും, ആവശ്യമായ വിശ്രമമില്ലായ്മയും നാട്ടാനകളിൽ മാനസികവും ശാരീരികവുമായ സമ്മർദ്ദം ഉണ്ടാക്കുന്നതായും, ഇതുമൂലം രോഗബാധിതരായി അവ മരണപ്പെടുന്നതായും ടി സമിതി കണ്ടെത്തിയിരുന്നു. ടി വിഷയം പരിഹരിക്കുന്നതിന് സമിതി ലഭ്യമാക്കിയ ശിപാർശകളുടെ അടിസ്ഥാനത്തിൽ, നാട്ടാന പരിപാലനം സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ ചീഫ് വൈൽഡ് ലൈഫ് വാർഡൻ, 22/01/2019-ലെ 01/2019 നമ്പർ സർക്കുലർ പ്രകാരം, വനം വകുപ്പിലെ വിവിധ ഓഫീസുകൾക്ക് നൽകിയിട്ടുണ്ട്.</td></tr>
<tr><td>(ഡി)</td><td>സർക്കാർ തയ്യാറാക്കിയ ചട്ടം കൃത്യമായി പാലിക്കുവാനും അത് നിരീക്ഷിക്കുവാനും വനം വകുപ്പിൽ ആർക്കെങ്കിലും ചുമതല നൽകിയിട്ടുണ്ടോ;വ്യക്തമാക്കുമോ;</td><td>(ഡി)</td><td>ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, 2012-ൽ സർക്കാർ പുറപ്പെടുവിച്ച, നാട്ടാന പരിപാലന ചട്ടം കൃത്യമായി പാലിക്കുവാനും നിരീക്ഷിക്കുവാനും എല്ലാ ജില്ലാ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.</td></tr>
<tr><td>(ഇ)</td><td>ആനസംരക്ഷണ കേന്ദ്രങ്ങളിൽ നിലവിലുള്ള ആനകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ?</td><td>(ഇ)</td><td>(1) കാപ്പിക്കാട് ആന ക്യാമ്പ്, അഭയാരണ്യം എറണാകുളം
<table>
<tr><th>ക്രമ നമ്പർ</th><th>ആനയുടെ പേര്</th></tr>
<tr><td>1</td><td>സുനിത</td></tr>
<tr><td>2.</td><td>ആശ</td></tr>
<tr><td>3.</td><td>പാർവ്വതി</td></tr>
<tr><td>4.</td><td>അൻജന</td></tr>
<tr><td>5.</td><td>ഹരിപ്രസാദ്</td></tr>
<tr><td>6.</td><td>പീലാണ്ടി ചന്ദ്രു</td></tr>
</table>
2. ആന പുനരധിവാസ കേന്ദ്രം, കാപ്പുകാട്, തിരുവനന്തപുരം.
<table>
<tr><th>ക്രമ നമ്പർ</th><th>ആനയുടെ പേര്</th></tr>
<tr><td>1</td><td>സോമൻ</td></tr>
<tr><td>2.</td><td>രാജ്കുമാർ</td></tr>
<tr><td>3.</td><td>ജയശ്രീ</td></tr>
<tr><td>4.</td><td>അമ്മു</td></tr>
<tr><td>5.</td><td>മിന്ന</td></tr>
<tr><td>6.</td><td>റാണാ</td></tr>
<tr><td>7.</td><td>രാജ</td></tr>
<tr><td>8.</td><td>അർജ്ജുൻ</td></tr>
<tr><td>9.</td><td>പൊടിച്ചി</td></tr>
</table>
</td></tr>
</table>

| | |
|---|---|
| 10. | പൂർണ്ണ |
| 11. | ഹരികൃഷ്ണൻ |
| 12. | മനു |
| 13. | മായ |
| 14. | കണ്ണൻ |
| 15. | ശ്രീക്കുട്ടി |

3. ആനസംരക്ഷണ കേന്ദ്രം കോന്നി, പത്തനംതിട്ട

| ക്രമ നമ്പർ | ആനയുടെ പേര് |
|---|---|
| 1 | പ്രിയദർശിനി |
| 2. | മീന |
| 3. | ഈവ |
| 4. | കൃഷ്ണ |

4. ആന ക്യാമ്പ്, വയനാട്.

| ക്രമ നമ്പർ | ആനയുടെ പേര് |
|---|---|
| 1 | സൂര്യൻ |
| 2. | പ്രമുഖ |
| 3. | കുഞ്ചു |
| 4. | ഭരത് |
| 5. | വടക്കനാട് കൊമ്പൻ |
| 6. | നീലകണ്ഠൻ |
| 7. | സുരേന്ദ്രൻ |
| 8. | അമ്മു |
| 9. | ചന്തു |
| 10 | അഗസ്ത്യൻ |
| 11 | സുന്ദരി |
| 12 | ഉണ്ണികൃഷ്ണൻ |
| 13 | ചന്ദ്രനാഥ് |

സെക്ഷൻ ഓഫീസർ